# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1153

05.03.2018 -ൽ മറുപടിക്ക്

## സ്മാർട്ട് റവന്യൂ ഓഫീസ്

**ചോദ്യം**

ശ്രീ.ജോർജ് എം. തോമസ്
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.ഡി.കെ. മുരളി :

**ഉത്തരം**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

(എ) റവന്യൂ ഓഫീസുകളെ ഘട്ടംഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് റവന്യൂ വകുപ്പ് ആസൂത്രണം ചെയ്തുവരുന്നത് എന്നറിയിക്കാമോ ;

(എ) സംസ്ഥാനത്തെ വില്ലേജാഫീസുകളെ ഘട്ടംഘട്ടമായി സ്മാർട്ടാക്കി മാറ്റുന്നതിലേയ്ക്കായി സ്മാർട്ട് റവന്യൂ പദ്ധതിയ്ക്കായി 13-ാം പഞ്ചവത്സര പദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന്റെ 1-ാം വർഷ പദ്ധതിയായി 2017-18 വർഷത്തിൽ 1500 ലക്ഷം രൂപയും 2-ാം വർഷ പദ്ധതിയായി 2200 ലക്ഷം രൂപയും പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിക്കുകയും ടി തുകയ്ക്ക് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) റവന്യൂ ഓഫീസുകളിൽ നിന്ന് ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ അതിവേഗം ലഭ്യമാക്കുന്നതിനായി സ്മാർട്ട് റവന്യൂ ഓഫീസ് വിഭാവനം ചെയ്യുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മെച്ചപ്പെട്ട സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനു സ്മാർട്ട് റവന്യൂ ആഫീസിൽ വിഭാവനം ചെയ്യുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഭൂവിവരങ്ങളുടെ ഡിജിറ്റൈസേഷൻ
2. സംയോജിത ഓൺലൈൻ പോക്കുവരവ്
3. ഇ-പെയ്മെന്റ്
4. ആർ.ആർ.ഓൺലൈൻ
5. ഇ-ഡിസ്ട്രിക്ട്

| | |
|---|---|
| (സി) വിവിധ ഓഫീസുകളുമായുള്ള വീഡിയോ കോൺഫറൻസിംഗ് അടക്കമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായും സമയബന്ധിതമായും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും വീഡിയോ കോൺഫറൻസിംഗ് നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ